# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുറപ്പുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.3-16/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 08/03/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുറപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുറപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുറപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.3-16/2023 തീയ്യതി: 08/03/2023

## ഇടുക്കി ജില്ലയിലെ പുറപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ പുറപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-12-2021 മുതൽ 10-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. അനിൽ മാത്യൂ ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 12-12-2022 | 19-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-12-2022 | 19-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സുസനിയാമ്മ തോമസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ. സണ്ണി എം.യു, ഓഡിറ്റ് ഓഫീസർ
ശ്രീമതി അനിറ്റ പി.സാമുവൽ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി മായ കൃഷ്ണൻ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. തോമസ് പയറ്റനാൽ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി എ. ആർ. ഉഷ | സെക്രട്ടറി | 01-04-2021 | 31-03-2024 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.പ്രിയ തോമസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ജെയ്സൺ ജോർജ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി.ബുഷറ കെ | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ. സ്മിത ആർ. നായർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 22-09-2021 |
| ഡോ. സജിത ആർ. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 23-09-2021 | 31-03-2022 |
| ഡോ. ബിന്ദു എം. | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ഡോ. മിനി മോഹൻ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2021 | 10-09-2021 |
| ഡോ. രമ്യ ജോർജ് | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 11-09-2021 | 31-03-2022 |
| ശ്രീ. റിനു തോമസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി മെൽബി അഗസ്റ്റിൻ | വി.ഇ.ഒ (1) | 01-04-2021 | 31-03-2022 |
| ശ്രീമതി ബീന എസ്. | വി.ഇ.ഒ (2) | 01-04-2021 | 31-03-2022 |
| ശ്രീമതി കെ. കെ. ഉഷ | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീമതി തങ്കമണി പി. എൻ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 30-06-2021 |
| ശ്രീമതി എട്ന ജോസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-07-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം | 1-3 |
| 4 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് -അപാകതകൾ | 1-3-1 |
| 5 | റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവ് 71.35 ശതമാനം | 1-3-2 |
| 6 | പദ്ധതി അവലോകനം | 1-4 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 8 | ക്ഷേമ പദ്ധതികൾ | 1-6 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-9 |
| 12 | സ്റ്റെയിൽ ചെക്ക് തുക ബാധ്യതയിൽ നിന്നും ക്രമീകരിച്ചില്ല | 1-9-1 |
| 13 | പെൻഷൻ തുക തിരികെ വന്നത് തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു | 1-9-2 |
| 14 | ബ്ലോക്ക് വിഹിതം തിരികെ വന്നത് തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു | 1-9-3 |
| 15 | വസ്തു നികുതി കുറവായി നിർണ്ണയിച്ചു | 1-10 |
| 16 | സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-11 |
| 17 | സ്യൂട്ട് രജിസ്റ്റർ കാലികമാക്കിയില്ല | 1-12 |
| 18 | സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള മരം വെട്ടി മാറ്റിയത് സംബന്ധിച്ച് | 1-13 |
| 19 | അനധികൃത പന്നി ഫാം - പന്നികളെ നീക്കം ചെയ്തത് സംബന്ധിച്ച് | 1-14 |
| 20 | രസീത് ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-15 |
| 21 | വെറ്ററിനറി സർജൻ - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-16 |
| 22 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല | 1-17 |
| 23 | 8, 9, 10 ക്ലാസ്സുകളിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകൽ - അംഗീകാരമില്ലാത്ത പദ്ധതി നടപ്പാക്കി | 1-18 |
| 24 | പാലിന് സബ്സിഡി വനിത & ജനറൽ - ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ക്ഷീര കർഷകർക്കും സബ്സിഡി അനുവദിച്ചു | 1-19 |
| 25 | എസ്.എസ്.എ. വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-20 |
| 26 | അനർഹരായ ഗുണഭോക്താക്കൾക്ക് സാമൂഹ്യ സുരക്ഷ പെൻഷൻ ആനുകൂല്യം നൽകി | 1-21 |
| 27 | അഗതിരഹിത കേരളം പദ്ധതി | 1-22 |
| 28 | നിക്ഷേപ പ്രവൃത്തികൾ - പൂർത്തീകരിച്ചില്ല | 1-23 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 4-1 |

| | | |
|---|---|---|
| 2 | സംയുക്ത പ്രോജക്ട് | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം കാണിക്കുന്ന പത്രിക | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

പഞ്ചായത്ത് കമ്മിറ്റിയുടെ 19-02-2021-ലെ 6(1)-ാം നമ്പർ തീരുമാനപ്രകാരം 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരം ₹14,96,85,481/- വരവും ₹14,90,10,778/- ചെലവും ₹6,74,703/- നീക്കിയിരിപ്പും പ്രതീക്ഷിക്കുന്നു. ബജറ്റിൽ മുന്നിരിപ്പ് ഉൾപ്പെടുത്തിയിട്ടില്ല. സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ന് മുമ്പായി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് നൽകേണ്ടതുമാണ് [വകുപ്പ് 214 (1)]. എന്നാൽ, സ്റ്റാൻഡിംഗ് കമ്മിറ്റികളും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരും സമർപ്പിച്ച ബജറ്റ് പ്രപ്പോസലുകൾ, അതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തയ്യാറാക്കിയ ബജറ്റിന് ആധാരമാക്കിയ രേഖകളും വിവരങ്ങളും അടങ്ങിയ ബജറ്റ് ഫയൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നോയെന്നും ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചവരുടെ നിർദ്ദേശങ്ങൾ പരിഗണിച്ചാണോ ബജറ്റ് തയ്യാറാക്കിയതെന്നും ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല. ബജറ്റിൽ വിഭാവനം ചെയ്ത വരവിലോ ബജറ്റിൽ, എസ്റ്റിമേറ്റിൽ കൂടുതൽ ഏതിനത്തിലെങ്കിലും ചെലവഴിച്ചാലോ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. 2021-22 വർഷത്തെ പരിഷ്കരിച്ച ബജറ്റ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 04-03-2022ലെ 2-ാം ശുപാർശ അംഗീകരിച്ച് ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 17-03-2022ലെ 6(1) തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് പ്രകാരം ₹10,18,481/- മുന്നിരിപ്പും ₹14,86,67,000/- വരവും ₹14,90,10,778/- ചെലവും ₹6,74,703/- നീക്കിയിരിപ്പും പ്രതീക്ഷിച്ചിരുന്നു.

### 1-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 11.07.2022 | -- | |

### 1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് ₹ | അലോട്ട്മെന്റ്/ വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 0 | 8453241 | 8453241 | 7801000 | |
| | എസ്.സി.പി | 0 | 1198000 | 1198000 | 1083000 | |
| | റ്റി.എസ്.പി | 0 | 149000 | 149000 | 149000 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് TIED | | 0 | 3561490 | 3561490 | 1698580 | 1862910 |
| Untied | | | 2341892 | 2341892 | 2095072 | 246820 |
| സംരക്ഷണ ഗ്രാന്റ് | റോഡിതരം | 0 | 4947488 | 4947488 | 3530436 | |
| | റോഡ് | 0 | 5589000 | 5589000 | 5197286 | |

| | | | | | | |
|---|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത പദ്ധതി | തൊഴിലുറപ്പ് പദ്ധതി (എസ്റ്റാബ്ലിഷ്മെന്റ് ) | 249031 | 838208 | 1087239 | 1086055 | 1184 |
| | തൊഴിലാളികളുടെ കൂലി & മെറ്റീരിയൽ | 0 | 11613729 | 11613729 | 11613729 | |
| | ഐ.സി.ഡി.എസ് | 358885 | 432951 | 791836 | 481652 | 310184 |
| | ടോട്ടൽ സാനിറ്റേഷൻ | 12000 | 0 | 12000 | 0 | 12000 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | ശുചിത്വമിഷൻ | 955489 | 533557 | 1489046 | 1206582 | 282464 |
| | ദുരിതാശ്വാസ നിധി | 1117 | 10000 | 11117 | 0 | 11117 |
| | പകർച്ച വ്യാധി – ഡൊണേഷൻ | 0 | 10100 | 0 | 100 | 10000 |
| | എം.എൽ.എ. ഫണ്ട് 320200307 | 5099 | 0 | 5099 | 0 | 5099 |
| | സാക്ഷരത | 33911 | 4577 | 38488 | 19377 | 19111 |
| | കേരളോത്സവം | 12728 | 0 | 0 | 0 | 12728 |
| | പകർച്ചവ്യാധി നിയന്ത്രണ ഫണ്ട് | 504663 | 0 | 504663 | 0 | 504663 |
| | 320100999 | 10600 | 0 | 10600 | 0 | 10600 |
| | നിർമ്മൽ പുരസ്കാരം | 78449 | 0 | 78449 | 0 | 78449 |
| | 320200399 മറ്റ് ഗ്രാന്റുകൾ–ചലഞ്ച് ഫണ്ട് | 207391 | 0 | 207391 | 0 | 207391 |
| | 320300199 | 333544 | 960000 | 1293544 | 1257456 | 36088 |
| | 320470040 | 0 | 11893 | 11893 | 0 | 11893 |

കുറിപ്പ് – മുൻവർഷ റിപ്പോർട്ടിൽ ഉൾപ്പെട്ട വിമുക്തി, ആയുർവ്വേദം-മെയിന്റനൻസ്, കില, ബയോ ഡൈവേഴ്സിറ്റി എന്നീ ഇനങ്ങളുടെ വരവ് ചെലവ് നീക്കിയിരിപ്പ് വിശദാംശങ്ങളാണ് ഹെഡ് 320300199ൽ ചേർത്തിരിക്കുന്നത് (ഗ്രാന്റുകളുടെ ACR പ്രകാരം ലഭ്യമായ വിവരം)വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. വാർഷിക കണക്കിൽ പ്രസ്തുത തുക ചേർത്തിട്ടില്ല.

| ഫണ്ട് | ലൈഫ് ലോൺ (₹) | അംഗൻവാടി ഹോണറേറിയം (₹) |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 528000 | 700800 |
| വികസനഫണ്ട് (SCP) | 58667 | |

## 1-3-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് -അപാകതകൾ

GO(Rt)No.2617/2022/Fin/തീ. 31-03-2022 പ്രകാരം റോഡിതര സംരക്ഷണ ഫണ്ടിനത്തിൽ മുൻവർഷ ക്യാരി ഓവർ തുകയുടെ പകുതി ലഭ്യമായത് ₹94,169/- വരവിലെടുത്തിട്ടില്ല. ഗ്രാന്റ് വിനിയോഗം (I-3) കണക്കിൽ പ്രസ്തുത തുക ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-3-2 റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവ് 71.35 ശതമാനം

മുൻവർഷ ക്യാരി ഓവർ തുകയുടെ പകുതി ₹94,169/-, വോട്ടിംഗ് മെഷീനായി 2020-21ൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത ₹35,319/- എന്നിവ ഉൾപ്പെടെ റോഡിതര മെയിന്റനൻസ് ഫണ്ട് വിഹിതമായ ₹49,47,488/-ൽ 2021-22 സാമ്പത്തിക വർഷം ₹35,30,436/- ചെലവഴിച്ചിട്ടുണ്ട്. 15.07.2021ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2020-21 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ട് പൂർണ്ണമായി ചെലവഴിക്കാത്തപക്ഷം അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം വരെ മാത്രമേ അടുത്ത സാമ്പത്തിക വർഷത്തേക്ക് ക്യാരി ഓവർ ചെയ്യുകയുള്ളൂ. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹4,27,554/- ലാപ്സായി.

| അലോട്ട്മെന്റ് | ചെലവ് | നീക്കിയിരിപ്പ് | ചെലവ് | 2022-23ൽ അനുവദിക്കുന്ന | ലാപ്സായ |
|---|---|---|---|---|---|

| ₹ | ₹ | ₹ | ശതമാനം | ക്യാരി ഓവർ തുക ₹ | തുക ₹ |
|---|---|---|---|---|---|
| 4947488 | 3530436 | 1417052 | 71.36 | 989498 | 427554 |

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 147 | 50570568 | 132 | 26200645 | 0 | 15 | |

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി കളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | അടങ്കൽ ₹ | ചെലവ് ₹ | നടപ്പിലാക്കാത്ത പദ്ധതി കൾ | ശത മാനം % |
|---|---|---|---|---|---|---|---|
| 1. | സെക്രട്ടറി | 28 | 26 | 5589246 | 4355757 | 2 | 77.93 |
| 2. | അസി. എൻജിനീയർ | 62 | 52 | 10274391 | 7953766 | 10 | 77.41 |
| 3. | വെറ്ററിനറി സർജൻ | 7 | 7 | 2603800 | 1654061 | 0 | 63.52 |
| 4. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 225000 | 225000 | 0 | 100 |
| 5. | കൃഷി ഓഫീസർ | 7 | 4 | 766284 | 539699 | 3 | 70.43 |
| 6. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 6 | 6 | 2470000 | 2243013 | 0 | 90.81 |
| 7. | ഹെഡ്മാസ്റ്റർ | 2 | 2 | 3000000 | 265400 | 0 | 88.46 |
| 8. | വി.ഇ.ഒ (1) | 7 | 7 | 3966540 | 1578775 | 0 | 39.80 |
| 9. | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 3 | 3 | 665000 | 459330 | 0 | 69.07 |
| 10. | വി.ഇ.ഒ. (2) | 10 | 10 | 19771301 | 4000680 | 0 | 20.23 |
| 11. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 4 | 4 | 2582006 | 1571718 | 0 | 60.87 |
| 12. | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 9 | 9 | 1357000 | 1353446 | 0 | 99.73 |

ചെലവഴിച്ച വിവിധ ഫണ്ടുകളുടെ വിവരം

| ഇനം | | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 9105482 | 7801000 | 85.67% |
| | പട്ടിക ജാതി വിഭാഗം | 1327667 | 1083000 | 81.57% |
| | പട്ടിക വർഗ്ഗ വിഭാഗം | 149000 | 149000 | 100% |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 6468329 | 3793652 | 58.65% |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | 1129536 | 981652 | 86.90% |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | 4500287 | 1344546 | 29.88% |
| തനത് ഫണ്ട് | | 61885 | 58031 | 93.77% |
| ബ്ലോക്ക്പഞ്ചായത്ത് ഫണ്ട് | | 1240000 | 188800 | 15.22% |
| ജില്ലാപഞ്ചായത്ത് ഫണ്ട് | | 8750700 | 1784072 | 20.38% |
| സംരക്ഷണ ഗ്രാന്റ് | റോഡ് | 5541000 | 5197286 | 93.80% |
| | റോഡിതരം | 4144000 | 3530436 | 85.19% |
| മറ്റിനം | | 7799623 | 289170 | 3.71% |

വിവിധ പദ്ധതികൾക്കായി ആകെ വകയിരുത്തിയിരുന്ന ₹5,05,70,568/-ന്റെ 51.81% (₹2,62,00,645/-) മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്. വി.ഇ.ഒ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ എന്നിവരുടെ ഫണ്ട് വിനിയോഗം വളരെ കുറവാണ്.

തുക പൂർണ്ണമായി വിനിയോഗിക്കാൻ കഴിയാതെ ലാപ്സായിട്ടുണ്ട്.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ പ്രോജക്ടുകളുടെ രൂപീകരണം നിർവ്വഹണം എന്നിവയിൽ ശ്രദ്ധ ചെലുത്തുകയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം അവലോകനം നടത്തുകയും ചെയ്തുവരുന്നുണ്ട്. എന്നാൽ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ തങ്ങൾക്ക് കീഴിലുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം സംബന്ധിച്ച് നിരന്തര വിലയിരുത്തൽ നടത്തി കാണുന്നില്ല. ഭരണ സമിതി യോഗങ്ങളിലും പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച നിരന്തര വിലയിരുത്തൽ നടത്തിയതായി കാണുന്നില്ല. പദ്ധതി രൂപീകരണശേഷം മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖലകളിൽ തങ്ങളെ ഏൽപ്പിച്ച ഉത്തരവാദിത്വം നിറവേറ്റുന്നതിനായി പ്രവർത്തനങ്ങളൊന്നും നടത്തി കാണുന്നില്ലെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ചില വർക്കിംഗ് ഗ്രൂപ്പുകൾ സാമ്പത്തിക വർഷത്തിൽ പ്രോജക്ട് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 249031 | 838208 | 1087239 | 1086055 | 1184 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 11613729 | 11613729 | 11613729 | 0 |
| ആകെ | 249031 | 12451937 | 12700968 | 12699784 | 1184 |

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 4076300 | 248 |
| വിധവാപെൻഷൻ | 4905600 | 299 |
| വാർദ്ധക്യകാല പെൻഷൻ | 15476500 | 1054 |
| വികലാംഗ പെൻഷൻ | 1915000 | 104 |
| 50 വയസ്സിനുമേൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 35800 | 22 |
| തൊഴിൽ രഹിത വേതനം | 8760 | 4 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.12.2022ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹7,525/- ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തുന്നുണ്ട്. സ്ഥലം മാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി രജിസ്റ്റർ, ക്യാഷ് ബുക്ക്, ആസ്തി രജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. ഫയലുകൾ കുറിപ്പ് സഹിതം സെക്ഷനുകളുടെ സീൽ പതിച്ച് ഒപ്പ് വെച്ച് പരിപാലിക്കുകയോ തൻപതിവേട് യഥാവിധി പരിപാലിക്കുകയോ ചെയ്യുന്നില്ല.

വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചർച്ച ചെയ്യുന്ന വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ അവലോകനം നടത്തുന്നില്ല. തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചേരുമ്പോൾ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ വസ്തുനികുതി പിരിവ്, ഓഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് നടപ്പിലാക്കുന്നില്ല.

പഞ്ചായത്തിൽ 13 വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നല്കിയിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഓഡിറ്റ് വർഷത്തിൽ ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. പ്രസ്തുത യോഗത്തിന്റെ ഹാജർ രേഖപ്പെടുത്തിയതല്ലാതെ മിനിട്സ് ബുക്കിൽ മറ്റ് രേഖപ്പെടുത്തലുകളില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ ഫലപ്രദവും കാര്യക്ഷമവുമായ പ്രവർത്തനം പദ്ധതി നിർവ്വഹണത്തിന് അത്യന്താപേക്ഷിതമായതിനാൽ ഭരണസമിതി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വിവിധ മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിനും പദ്ധതി പുരോഗതി വിലയിരുത്തി അനുവദിച്ച പദ്ധതിപ്പണം, സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുവാനും സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് സാധിച്ചിട്ടില്ല.

പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുണ്ട്.

1- 8-1) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, മിച്ചം വന്ന തുകയുടെ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. വിവിധ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിൽ കൊടുത്തിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.

1-8-2) മുൻകൂർ രജിസ്റ്റർ

മുൻകൂർ രജിസ്റ്ററിൽ ഓണം മുൻകൂർ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കുകൾ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂർ, മറ്റുള്ളവർക്കുള്ള മുൻകൂർ എന്നീ ഇനങ്ങളിൽ മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ, രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-8-3) സ്റ്റോക്ക് രജിസ്റ്റർ

വാങ്ങുന്ന സ്റ്റോക്കുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ബിൽ/വൗച്ചർ വിവരങ്ങൾ,

പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ വാറണ്ടി സ്റ്റോക്കിന്റെ മൂല്യം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-8-4) സ്യൂട്ട് രജിസ്റ്റർ

സ്യൂട്ട് രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. അതിനാൽ, കേസുകളുടെ തൽസ്ഥിതി സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ നിന്നും വ്യക്തമായി അറിയുന്നതിന് സാധിക്കുന്നില്ല.

1-8-5) ഓഡിറ്റ് റിക്കവറി രജിസ്റ്റർ

ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള നഷ്ടോത്തരവാദിത്വം സംബന്ധിച്ച വിവരങ്ങൾ, തുക തിരികെ ഒടുക്കിയിട്ടുള്ളതിന്റെ വിവരങ്ങൾ എന്നിവ ചേർത്ത് കാലികമാക്കിയിട്ടില്ല.

1-8-6) ഡെപ്പോസിറ്റ് രജിസ്റ്റർ

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. ഡെപ്പോസിറ്റുകളുടെ റീഫണ്ട് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി അധികൃതമാക്കിയിട്ടില്ല. എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല.

### 1-9 വാർഷിക കണക്കിലെ അപാകതകൾ

1) ബയോ ഡൈവേഴ്സിറ്റി അക്കൗണ്ടിൽ (A/c No. 309) ഉണ്ടായിരുന്ന ₹1,493/- 01-01-2022ൽ ചെലവായിരുന്നു. എന്നാൽ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിൽ തെറ്റായി നീക്കിയിരിപ്പ് കാണിച്ചിരിക്കുന്നു.

2) MLA FUND ACCOUNT 36869ൽ 31-03-2022ൽ പാസ്സ്ബുക്ക് പ്രകാരം പലിശ ₹35/- ഉൾപ്പെടെ ₹5,239/- ആണ് നീക്കിയിരിപ്പ്. വാർഷിക കണക്കിൽ പലിശ തുക ₹35/- ചേർത്തിട്ടില്ല.

3) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായുള്ള കേരള ഗ്രാമീൺ ബാങ്കിലെ അക്കൗണ്ട് (40357101052444)ൽ ₹3,63,229/- നീക്കിയിരിപ്പുണ്ട്. വാർഷിക കണക്കിൽ പ്രസ്തുത തുക ചേർത്തിട്ടില്ല.

4) B-18 ഷെഡ്യൂളിലെ വിവരങ്ങൾ പൂർണ്ണമായും രജിസ്റ്ററിൽ ചേർത്തിട്ടില്ല.

5) B-9 ഷെഡ്യൂളിൽ 350109999 എന്ന ഹെഡിൽ Amount Payable To Other Creditorsൽ ചേർത്തിരിക്കുന്ന ₹2,34,389/-യുടെ കൃത്യത വ്യക്തമല്ല.

6) ആസ്തി രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ യഥാവിധി സൂക്ഷിക്കാത്തതിനാൽ വാർഷിക കണക്കുകളിലെ തുകകൾ പരിശോധിക്കുവാൻ സാധിച്ചില്ല.

### 1-9-1 സ്റ്റെയിൽ ചെക്ക് തുക ബാധ്യതയിൽ നിന്നും ക്രമീകരിച്ചില്ല

ഗ്രാമപഞ്ചായത്തിന്റെ 31.03.2022-ലെ ആസ്തി-ബാദ്ധ്യത പത്രികയിലെ 350800101 - Liability In Respect Of Stale Cheques എന്ന ശീർഷകത്തിൽ ₹8,500/- രേഖപ്പെടുത്തിയിട്ടുണ്ട്. മൂന്ന് മാസ കാലാവധി കഴിഞ്ഞ Stale Cheque തുകകൾ ഗ്രാമപഞ്ചായത്തിന്റെ ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കി 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടങ്ങൾ 22, 44, 45 എന്നിവയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ തനത് ഫണ്ടിൽ മുതൽ കൂട്ടുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

### 1-9-2 പെൻഷൻ തുക തിരികെ വന്നത് തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

പെൻഷൻ ഇനത്തിൽ ഗുണഭോക്താവിന് അധികം നല്കിയ തുക തിരികെ വന്നത് ₹10,600/- (ബാലൻസ് ഷീറ്റിന്റെ B-4 ഷെഡ്യൂളിൽ 320100999 എന്ന ഹെഡ്ഡിൽ) തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. തുക നിശ്ചിത ഹെഡ്ഡിൽ തിരികെ സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

1-9-3 ബ്ലോക്ക് വിഹിതം തിരികെ വന്നത് തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം (ഹെഡ് 320700404) ₹11,893/- നീക്കിയിരിപ്പ് ഉണ്ട്. നെൽകൃഷിക്ക് കൂലി ചെലവിനായി ബ്ലോക്ക് വിഹിതമായി ലഭ്യമായ തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലെ അപാകത മൂലം തിരികെ വന്നതാണ്. ഈ തുക പഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. വിതരണം ചെയ്യാൻ സാധിക്കാത്തപക്ഷം സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

1-10 വസ്തു നികുതി കുറവായി നിർണ്ണയിച്ചു

'FACTEOS' ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന വഴിത്തല സർവീസ് സഹകരണ ബാങ്കിന്റെ ഉടമസ്ഥതയിലുള്ള 10/16 കെട്ടിട നമ്പരിലുള്ള വാണിജ്യ സ്ഥാപനത്തെ "ഓഫീസ് ആവശ്യത്തിനുള്ള" ഗണത്തിൽപ്പെടുത്തിയാണ് വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളത്. കൺസ്യൂമർ സ്റ്റോർ, വളം വിൽപ്പനശാല, ജനസേവന കേന്ദ്രം എന്നിങ്ങനെ മൂന്ന് സ്ഥാപനങ്ങളാണ് ടി കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. നിർണ്ണയിച്ച വസ്തു നികുതി സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു.

| | ഈടാക്കിയത് | ഈടാക്കേണ്ടത് |
|---|---|---|
| | ഓഫീസ് ആവശ്യത്തിന് | വാണിജ്യാവശ്യത്തിനുള്ള<br>100 ച.മീ. വരെയുള്ള ഷോപ്പുകൾ |
| കെട്ടിട വിസ്തീർണ്ണം | 70 ച.മീ. | |
| നികുതി നിരക്ക് | ഈടാക്കിയ നികുതി നിരക്ക് = ₹40/- | ഈടാക്കേണ്ട നികുതി നിരക്ക് = ₹50/- |
| ഇളവ് ശതമാനം | 30% | |
| വർദ്ധന | ഇല്ല | |
| ആകെ നികുതി | 70x40 = ₹2800/- | 70x50 = ₹3500/- |
| ഇളവ്/വർദ്ധനക്ക് ശേഷം | ₹1960/- | ₹2450/- |

വസ്തു നികുതി കുറവായി നിർണ്ണയിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/16-12-2022) മറുപടി ലഭ്യമാക്കിയില്ല. വസ്തു നികുതി പുനർ നിർണ്ണയിച്ച് മുൻ വർഷങ്ങളിൽ കുറവായി ഈടാക്കിയത് ഉൾപ്പടെ ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

1-11 സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1) പഞ്ചായത്ത് പരിധിക്കുള്ളിൽ വിവിധ വാർഡുകളിലായി 9 റേഷൻ കടകൾ പ്രവർത്തിക്കുന്നു. ഇവയെല്ലാം ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിക്കുന്നത്.

2) റിസോർട്ട് ഗണത്തിൽ വസ്തു നികുതി ഒടുക്കുന്ന പി. ജെ. ജോസഫ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 7/38 A എന്ന കെട്ടിട നമ്പറുള്ള സ്ഥാപനം ലൈസൻസ് എടുത്തിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 14/16-12-2022) മറുപടിയിൽ റേഷൻ കടകൾ ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കി ഓഡിറ്റിൽ വിവരമറിയിക്കുന്നതാണെന്നും റിസോർട്ട് പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക് ലൈസൻസ് എടുത്താണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 സ്യൂട്ട് രജിസ്റ്റർ കാലികമാക്കിയില്ല

പഞ്ചായത്ത് 2021-22 വർഷം ലീഗൽ ഫീസായി ₹77,400/- ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തുമായി ബന്ധപ്പെട്ട കേസുകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി സൂക്ഷിച്ചിട്ടുള്ള സ്യൂട്ട് രജിസ്റ്റർ പൂർണ്ണമല്ല. രജിസ്റ്റർ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

സ്യൂട്ട് രജിസ്റ്ററിലെ പല പേജുകളും അപൂർണ്ണമാണ്. പരാതിക്കാരന്റെ പേരും കേസ് നമ്പറും മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. കേസ് എന്തിനുവേണ്ടിയാണ് നൽകിയിരിക്കുന്നത്, ഏത് കോടതിയിലാണ് കേസ് ഫയൽ ചെയ്തിരിക്കുന്നത്, കേസിന്റെ വിചാരണ തീയതികൾ, വിധിയുടെ വിശദാംശങ്ങൾ, വക്കീലിന്റെ പേര്, വക്കീലിന് നൽകിയ ഫീസ് വിവരങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങളൊന്നും രജിസ്റ്ററിൽ ചേർക്കുന്നില്ല. സ്യൂട്ട് രജിസ്റ്റർ മേൽ സൂചിപ്പിച്ച പ്രകാരം എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതും കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

1-13 സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള മരം വെട്ടി മാറ്റിയത് സംബന്ധിച്ച്

വൗച്ചർ നം : 22100651, തീയതി. 18.12.2021
ചെലവ് : ₹10,000/-

പുറപ്പുഴ ഗ്രാമപഞ്ചായത്തിലെ അമൃത രാജ്, വെള്ളിലാത്തിൽ, ജയൻ ഊഞ്ഞിപ്ലാക്കൽ എന്നീ വ്യക്തികളുടെ വസ്തുവിൽ നിൽക്കുന്ന മരം മുറിച്ച് മാറ്റിയ ഇനത്തിൽ ശ്രീ. രാജു ഉലഹന്നാൻ എന്നയാൾക്ക് മേൽ വൗച്ചർ പ്രകാരം ₹10,000/- അനുവദിച്ചിട്ടുണ്ട്. 1994ലെ പഞ്ചായത്ത് രാജ് ചട്ടം 238-ബി പ്രകാരം ഇങ്ങനെ ചെലവാകുന്ന തുക മരത്തിന്റെ ഉടമസ്ഥനിൽ നിന്നും വസ്തുനികുതി കുടിശ്ശിക എന്ന രീതിയിൽ ഈടാക്കാവുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 17)ന് മറുപടി ലഭ്യമാക്കിയില്ല. ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഉത്തരവാദികളായവരിൽ നിന്നും തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-14 അനധികൃത പന്നി ഫാം - പന്നികളെ നീക്കം ചെയ്തത് സംബന്ധിച്ച്

| വൗച്ചർ നം./തീയതി | തുക (₹) |
|---|---|
| 22100415/13.10.2021 | 24000 |
| 22100480/02.11.2021 | 8000 |
| ആകെ | 32000 |

ഗ്രാമപഞ്ചായത്തിൽ 9-ാം വാർഡിൽ ശ്രീ. മുരളി കൃഷ്ണൻ എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ അനധികൃതമായി പ്രവർത്തിച്ചിരുന്ന പന്നി ഫാമിൽ നിന്ന് പന്നികളെ കൂത്താട്ടുകുളത്തുള്ള മീറ്റ് പ്രോഡക്ട് ഇന്ത്യ എന്ന കേന്ദ്ര സർക്കാർ സ്ഥാപനത്തിൽ എത്തിച്ച വകയിൽ പഞ്ചായത്തിന് (പണിക്കൂലി, വാഹന കൂലി) ₹32,000/- ചെലവായിട്ടുണ്ട്. പന്നികളെ കൈമാറിയ ഇനത്തിൽ ₹1,62,300/- ലഭിക്കുവാനുള്ളതായും കാണുന്നു. ടി തുക തിരികെ ഈടാക്കുവാൻ നടപടികൾ അറിയിക്കേണ്ടതുമാണ്.

1-15 രസീത് ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

വെറ്ററിനറി സർജൻ 2021-22 വർഷം നടപ്പാക്കിയ പദ്ധതികളുടെ ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതിന്റെ രസീത് ബുക്കുകൾ, കളക്ഷൻ രജിസ്റ്റർ എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ പിരിവ് തുകയുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചില്ല. രസീത് ബുക്കുകളുടെ നമ്പർ താഴെ കൊടുക്കുന്നു.

*17235, 17236, 17237, 17238, 17239, 17240, 17241, 17242, 17243, 17244, 17255.*

രസീത് ബുക്കുകൾ, കളക്ഷൻ രജിസ്റ്റർ എന്നിവ അടിയന്തിരമായി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-16 വെറ്ററിനറി സർജൻ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

2021-22 വർഷം വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

(1) മുട്ടക്കോഴി വിതരണം (പ്രോജക്ട് നം. 92/2022)

| ബിൽ നം./തീയതി | തുക ₹ | ചെക്ക് നം./തീയതി (ഗുണഭോക്തൃവിഹിതം ചെലവഴിച്ചത്) | തുക ₹ |
|---|---|---|---|
| 118/21-22/01.12.2021 | 7800 | 145108/27.10.2021 | 224100 |
| 52/21-22/24.09.2021 | 73800 | 145468/14.12.2021 | 7800 |
| 60/21-22/01.10.2021 | 60000 | | |
| 59/21-22/29.09.2021 | 90300 | | |
| ആകെ | 231900 | ആകെ | 231900 |
| *പ്രോജക്ട് പ്രകാരം ആകെ ചെലവ്* | | | *463800* |

മുട്ടക്കോഴി വിതരണം പദ്ധതിയിൽ ₹4,63,800/- ചെലവഴിച്ചിട്ടുണ്ട്. ആകെ എത്ര മുട്ടക്കോഴി കുഞ്ഞുങ്ങളെ വാങ്ങിയെന്നോ, ആരിൽ നിന്ന്, എന്ത് വിലയ്ക്ക് വാങ്ങി, ഒരു ഗുണഭോക്താവിന് എത്ര കുഞ്ഞുങ്ങളെ നൽകിയെന്നോ, ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തിരുന്നോ തുടങ്ങിയ വിശദാംശങ്ങൾ/രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ₹4,63,800/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2) മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ (പ്രോജക്ട് നം. 193/2022, 35/2022)

| ബിൽ നം./തീയതി | തുക ₹ |
|---|---|
| 2110552614061444598/24.03.22 | 200000 |
| 2110055261400444419 | 99999 |
| 2110053201400121782 | 256999 |
| 2110055201400718675 | 243001 |
| ആകെ | 799999 |

മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ (പ്രോജക്ട് നം. 193/22, 35/22) എന്ന പദ്ധതി പ്രകാരം 2 പ്രോജക്ടുകളിലായി ₹7,99,999/-യുടെ മരുന്ന് പെരുമ്പാവൂരുള്ള സപ്ലൈകോ മാവേലി സ്റ്റോറിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് എൻട്രി നടത്താതെയാണ് സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയത്. സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആയതിനാൽ ചെലവഴിച്ച ₹7,99,999/- തടസ്സപ്പെടുത്തുന്നു.

1-17 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല

| | |
|---|---|
| ബിൽ നം./തീയതി/തുക | 21100552013900906832/09.01.2022, ₹2,00,000/-<br>21100552013901103233/10.02.2022, ₹25,000/- |
| പ്രോജക്ട് നം./പേര് | 84/2022, 67/2022<br>ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിന് 2 പ്രോജക്ടുകളിലായി ₹2,25,000/- കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് (ഹോംകോ) മേൽ സൂചിപ്പിച്ച ബില്ലുകൾ പ്രകാരം കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

1-18 8, 9, 10 ക്ലാസ്സുകളിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകൽ - അംഗീകാരമില്ലാത്ത പദ്ധതി നടപ്പാക്കി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ് |

| | |
|---|---|
| അടങ്കൽ | ₹100000/- വികസന ഫണ്ട് (എസ്.സി.പി) |
| ചെലവ് | ₹65400/-<br>(7x7400 +2x6800) |
| ബിൽ നം./തീയതി/തുക | 211005520173007470 23/03-12-2021, ₹37000/-<br>211005520173009112 60/07-01-2022, ₹28400/- |

ഗ്രാമപഞ്ചായത്തിലെ ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുന്ന പ്രസ്തുത പ്രോജക്ട് പ്രകാരം 7 ആൺകുട്ടികൾക്കും 2 പെൺകുട്ടികൾക്കും സൈക്കിൾ വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി മിന്നൽ സൈക്കിൾസ് & കിഡ്സ് വീൽസ് വെങ്ങല്ലൂർ എന്ന സ്ഥാപനത്തിന് മേൽപരാമർശിത ബില്ലുകൾപ്രകാരം ₹65400/- നൽകി. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 29.01.2018-ലെ ജി.ഒ(എം.എസ്.) 11/2022, 14.02.2018-ലെ ജി.ഒ(എം.എസ്.) 22/2018 എന്നീ നമ്പർ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖകൾ അടിസ്ഥാനപ്പെടുത്തിയാണ് 13-ാം പഞ്ചവത്സര പദ്ധതിയിലെ 2018-19 മുതലുള്ള വാർഷിക പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതും സബ്സിഡികൾ അനുവദിക്കേണ്ടതും. മുൻ പഞ്ചവത്സര പദ്ധതി കാലയളവിൽ പ്രസ്തുത പ്രോജക്ട് ഏറ്റെടുക്കാൻ വ്യവസ്ഥയുണ്ടായിരുന്നുവെങ്കിലും മേൽ പരാമർശിത പദ്ധതി മാർഗ്ഗരേഖകളിൽ ടി പദ്ധതി നടപ്പാക്കുന്നതിന് നിർദ്ദേശമില്ലാത്തതാണ്. സർക്കാർ അനുമതിയില്ലാതെ പ്രോജക്ട് ഏറ്റെടുത്ത നടപടി ക്രമപ്രകാരമുള്ളതല്ല.

2) ടി സൈക്കിളുകൾ സ്റ്റോക്കിലെടുത്തതായ രേഖകളില്ല.

3) 2020-21 അക്കാദമിക വർഷം ഹൈസ്കൂൾ പഠനം പൂർത്തിയായ രണ്ട് വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം ചെയ്തിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവ് | പഠിച്ചിരുന്ന ക്ലാസ്സ്/സ്കൂൾ സർട്ടിഫിക്കറ്റ്/തീയതി |
|---|---|
| അരുൺ രാജു, കൊല്ലായിൽ, കരിങ്കുന്നം | X, സെന്റ് അഗസ്റ്റിൻസ് ഹയർ സെക്കന്ററി സ്കൂൾ, കരിങ്കുന്നം<br>05-02-2021 |
| വിനീത് വിനോദ്,<br>പുളിക്കക്കുഴിക്കരോട്ട്, കരിങ്കുന്നം | X ,സെന്റ് അഗസ്റ്റിൻസ് ഹയർ സെക്കന്ററി സ്കൂൾ, കരിങ്കുന്നം<br>05-11-2020 |

പദ്ധതിമാർഗ്ഗരേഖയിൽ പരാമർശിക്കാത്ത ഇനങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നതിനുള്ള പ്രോജക്ട് നടപ്പാക്കുവാൻ സർക്കാരിന്റെ മുൻകൂർ അനുമതി അനിവാര്യമാണെന്നിരിക്കെ (സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 2.2 കാണുക) അധികാര വികേന്ദ്രീകരണ കോർഡിനേഷൻ കമ്മിറ്റിയുടെ അനുവാദം കൂടാതെ പ്രോജക്ട് ഏറ്റെടുത്ത നടപടി മാർഗ്ഗരേഖ ലംഘനമായി മാത്രമാണ് പരിഗണിക്കാൻ കഴിയുക. സബ്സിഡി മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത ഇനങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നതും പരിധി ലംഘിച്ച് സബ്സിഡി അനുവദിക്കുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഫണ്ടിന്റെ ദുരുപയോഗമായി മാത്രമേ പരിഗണിക്കാൻ സാധിക്കു എന്ന വ്യവസ്ഥയും (സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 2.3 കാണുക) പ്രത്യേകം കാണേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/തീ. 15-12-2022) മറുപടി ഹാജരാക്കിയില്ല. അനർഹരായ രണ്ട് ഗുണഭോക്താക്കൾക്ക് സൈക്കിൾ വിതരണം ചെയ്തതിനാലും സർക്കാർ നിർദ്ദേശപ്രകാരമല്ലാത്ത പദ്ധതി നടപ്പാക്കിയതിനാലും ഈ പദ്ധതി പ്രകാരം ചെലവഴിച്ച ₹65,400/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

അപാകതകൾക്ക് വ്യക്തമായ വിശദീകരണം നൽകേണ്ടതും സർക്കാർ സാധൂകരണം വാങ്ങേണ്ടതുമാണ്.

1-19 പാലിന് സബ്സിഡി വനിത & ജനറൽ - ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ക്ഷീര കർഷകർക്കും സബ്സിഡി അനുവദിച്ചു

| പദ്ധതിയുടെ പേര് | പ്രോജക്ട് നം. | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് ₹ |
|---|---|---|---|
| പാലിന് സബ്സിഡി (വനിത) | 14/22 | ₹1141700/-<br>[വികസന ഫണ്ട്(ജനറൽ) -₹441700/-<br>ജില്ലാപഞ്ചായത്ത് വിഹിതം– ₹700000/-] | 824764 |
| പാലിന് സബ്സിഡി (ജനറൽ) | 13/22 | ₹1200000/-<br>[വികസന ഫണ്ട്(ജനറൽ) -₹400000/-<br>ജില്ലാപഞ്ചായത്ത് വിഹിതം –₹800000/-] | 627648 |

2021-22 വർഷം ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത താഴെ പറയുന്ന ക്ഷീര കർഷകർക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്. കോവിഡ് നിയന്ത്രണങ്ങൾ നില നിന്നിരുന്നതിനാൽ പഴയ ഗുണഭോക്തൃ ലിസ്റ്റ് 2021-22 വർഷത്തേക്കും തുടരുകയായിരുന്നു. ക്ഷീരോത്പാദക സഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന ഗുണഭോക്താക്കൾക്ക് തന്നെയാണ് തുക അനുവദിച്ചിട്ടുള്ളതെങ്കിലും പുതുതായി സബ്സിഡി അനുവദിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭയിലും പഞ്ചായത്ത് കമ്മിറ്റിയിലും അവതരിപ്പിച്ച് അംഗീകാരം നേടിയിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | ഗുണഭോക്താക്കൾ അംഗങ്ങളായ ക്ഷീരോല്പാദക സഹകരണ സംഘം | നൽകിയ തുക ₹ | ബിൽ നം./തീയതി |
|---|---|---|---|
| ലിസി ദേവസ്യ | വഴിത്തല സൗത്ത് | 2328 | 240055203006556166/ തീ. 16.11.2021 |
| മേരിക്കുട്ടി ഇമ്മാനുവൽ | വഴിത്തല സൗത്ത് | 1095 | |
| നിഷ ബെന്നി | വഴിത്തല സൗത്ത് | 39999 | |
| വിനോദിനി | വഴിത്തല സൗത്ത് | 235 | |
| ജോയ്സി ജോ | വഴിത്തല സൗത്ത് | 1227 | |
| രാധ ശിവൻ | വഴിത്തല സൗത്ത് | 2535 | |
| സുമ കുട്ടപ്പൻ | വഴിത്തല സൗത്ത് | 2376 | |
| പുഷ്പവല്ലി കാക്കനാട്ട് | കുണിഞ്ഞി | 525 | 21100552020301877438 തീ. 18.03.2022 |
| ഷൈലജ സുരേന്ദ്രൻ | കുണിഞ്ഞി | 3318 | |
| യമുന സജി | കുണിഞ്ഞി | 1377 | |
| കീർത്തി ബാബു | കുണിഞ്ഞി | 3006 | |
| ലിസി ജോസ് | കുണിഞ്ഞി | 3795 | |
| ബിന്ദു വി. ജി. | കുണിഞ്ഞി | 2184 | |
| ലിനെറ്റ് ബാബു | കുണിഞ്ഞി | 255 | |
| പ്രീതി ബിജു | കുണിഞ്ഞി | 1055 | |
| | ആകെ | 65310 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭയിലും പഞ്ചായത്ത് കമ്മിറ്റിയിലും അംഗീകാരം നേടി പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ ഡയറി എക്സ്റ്റൻഷൻ

ഓഫീസർ അറിയിച്ചിട്ടുണ്ട്. സബ്സിഡി അനുവദിച്ച മുഴുവൻ ക്ഷീര കർഷകർകരുടെയും അംഗീകാരം നേടിയ ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക കൈപ്പറ്റിയവരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. ₹65,310/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-20 എസ്.എസ്.എ. വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

എസ്.എസ്.എ. വിഹിതം നൽകുന്നതിനായി ഹെഡ്മാസ്റ്റർ, ഗവ. എൽ. പി. സ്കൂൾ, പുറപ്പുഴ ₹2,00,000/- തൻവർഷം ചെലവഴിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-21 അനർഹരായ ഗുണഭോക്താക്കൾക്ക് സാമൂഹ്യ സുരക്ഷ പെൻഷൻ ആനുകൂല്യം നൽകി

പഞ്ചായത്തിൽ സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം സംബന്ധിച്ച് സേവന പെൻഷൻ സോഫ്റ്റ്‌വെയറിലും തൻ വർഷത്തെ പഞ്ചായത്തിലെ മരണ റിപ്പോർട്ടിലും ലഭ്യമായ വിവരങ്ങൾ ചേർത്ത് പരിശോധിച്ചപ്പോൾ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ നിക്ഷേപിക്കുകയോ തുക അനുവദിക്കുകയോ ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | ആധാർ കാർഡ് നം. | മരണപ്പെട്ട തീയതി/രജിസ്റ്റർ | അനർഹമായി തുക നൽകിയ മാസം | സ്റ്റാറ്റസ് | പെൻഷൻ നൽകിയ സ്ഥാപനം | അധികം നൽകിയ തുക ₹ |
|---|---|---|---|---|---|---|---|
| 1 | മേരി ജോസഫ് | Xxx6782 | 11.06.21/16.06.21 | 6/21 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 1600 |
| 2 | വേലപ്പൻ | Xxx9787 | 20.06.21/28.07.21 | 6/21 – 8/21 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 4800 |
| 3 | പാറുക്കുട്ടി | Xxx7311 | 01.08.21/13.08.21 | 8/21, 9/22 | ആക്ടീവ് | കർഷക തൊഴിലാളി പെൻഷൻ | 22400 |
| 4 | പീതാംബരൻ | Xxx6794 | 23.08.21/24.09.21 | 8/21 – 6/22 | സസ്പെൻഡ് | കർഷക തൊഴിലാളി പെൻഷൻ | 17600 |
| 5 | സരോജിനിയമ്മ | Xxx698 | 15.08.21/28.09.21 | 8/21 – 5/22 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 16000 |
| 6 | ചാക്കോ മത്തായി | Xxx2217 | 13.09.21/16.10.21 | 9.21, 10/21 | സസ്പെൻഡ് | കർഷക തൊഴിലാളി പെൻഷൻ | 3200 |
| 7 | അന്നക്കുട്ടി അഗസ്തി | Xxx8828 | 01.11.21/08.11.21 | 10/21 – /622 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 12800 |
| 8 | ഭാർഗ്ഗവിയമ്മ | Xxx6545 | 19.11.21/15.12.21 | 11/21 – 12/21 | സസ്പെൻഡ് | കർഷക തൊഴിലാളി പെൻഷൻ | 3200 |
| 9 | തോമസ് | Xxx4621 | 3.12.21/16.12.21 | 12/21 – 2/22 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 4800 |
| 10 | കുഞ്ഞപ്പൻ | Xxx1254 | 12.12.21/11.01.22 | 12/21 – 4/22 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 8000 |
| 11 | അമ്മിണി കുഞ്ഞൻ | Xxx5018 | 28.01.22/22.02.22 | 1/22 – 6/22 | സസ്പെൻഡ് | കർഷക തൊഴിലാളി പെൻഷൻ | 9600 |
| 12 | പ്രഭാകരൻ കെ. ആർ. | Xxx9753 | 23.01.22/23.02.22 | 1/22-6/22 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ | 14400 |
| 13 | ഭാസ്കരൻ | Xxx6322 | 07.02.22/14.03.22 | 3/22 – 6922 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 8000 |
| 14 | ഫിലിപ്പ് | Xxx0956 | 05.03.22/18.04.22 | 3/22 – 9/22 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ | 11200 |
| 15 | രാജപ്പൻ എ. പി. | Xxx0425 | 22.03.22/23.04.22 | 3, 4/22 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 3200 |

ഗ്രാമപഞ്ചായത്തിൽ തൻവർഷം മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്യപ്പെട്ടവയിൽ ഏതാനും മാസങ്ങളിലെ വിശദാംശങ്ങൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ ഗുണഭോക്താക്കളുടെ മാത്രം വിവരമാണ് മുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. പല ഗുണഭോക്താക്കളെയും പെൻഷൻ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയത് മരണം രജിസ്റ്റർ ചെയ്ത് മാസങ്ങൾക്ക് ശേഷമാണെന്നും 2019 വർഷം സർക്കാർ നടപ്പാക്കിയ നിർബന്ധിത മസ്റ്ററിംഗിന്

ശേഷം മരണപ്പെട്ട ഏതാനും ഗുണഭോക്താക്കൾക്ക് പെൻഷൻ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെന്ന് മേൽ പട്ടികയിൽ നിന്ന് വ്യക്തമാണ്. അനർഹരായവരുടെ വിശദാംശങ്ങൾ സമയബന്ധിതമായി അറിയിക്കുകയെന്ന നടപടി ക്രമം ഗ്രാമ പഞ്ചായത്തിൽ നിലവിലില്ലാത്തതിനാൽ മറ്റ് തദ്ദേശ സ്ഥാപനങ്ങൾ/ക്ഷേമനിധി ബോർഡുകൾ മുഖേന പെൻഷൻ തുടർന്നും അനുവദിക്കാനിടയുണ്ട്.

23.09.2020-ലെ സ.ഉ(സാധാ)97/2020/ധന. ഉത്തരവിൽ അനർഹരായ ഗുണഭോക്താക്കളെ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം തന്നെ പെൻഷൻ ഡേറ്റാ ബേസിൽ നിന്നും നീക്കം ചെയ്യേണ്ടതാണെന്ന് ഉത്തരവിലെ ഖണ്ഡിക സി(12)-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഖണ്ഡിക സി(13) പ്രകാരം പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനുശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതാണെന്നും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിനുശേഷം പെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷമുള്ള പെൻഷൻ അനന്തരാവകാശികൾക്ക് അർഹതയില്ലെന്നും അനർഹമായി തുക കൈപ്പറ്റുന്നപക്ഷം തിരികെ ഈടാക്കേണ്ടതാണെന്നും ഉത്തരവിൽ നിർദേശിച്ചിട്ടുണ്ട്. 05.11.2020-ലെ നം.67/2020/ധന. സർക്കുലർ പ്രകാരം മരണപ്പെട്ടവരെയും അനർഹരായവരെയും സമയബന്ധിതമായി പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്ന് ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

പെൻഷണർ അനർഹനാവുന്ന അവസരത്തിൽ തന്നെ സമയബന്ധിതമായി അറിയിച്ചാൽ മാത്രമേ ബോർഡുകൾക്കും ബാങ്കുകൾക്കും പെൻഷൻ വിതരണം ചെയ്യുന്ന തദ്ദേശ സ്ഥാപനങ്ങൾക്കും അനർഹരായവരെ ഒഴിവാക്കുന്നതിനു സാധിക്കൂ. നിലവിൽ അനർഹമായി നൽകിയ മേൽ തുകകൾ ബാങ്കിൽ നിന്നോ അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യാത്ത തുക പഞ്ചായത്ത് ഡയറക്ടറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേയ്ക്ക് തിരിച്ചടയ്ക്കണമെന്ന് സ.ഉ(സാധാ)381/2017/ധന., തീ. 17.08.2017-ൽ നിർദ്ദേശിച്ചിട്ടുള്ളത് പാലിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

## 1-22 അഗതിരഹിത കേരളം പദ്ധതി

ഗ്രാമപഞ്ചായത്തിലെ അഗതികളായ ഗുണഭോക്താക്കളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനും ജീവിത സാഹചര്യങ്ങൾ ഒരുക്കുന്നതിനും വേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് അഗതിരഹിത കേരളം. ഗ്രാമപഞ്ചായത്തിലെ 57 കുടുംബങ്ങളെ ഉൾപ്പെടുത്തി ആവിഷ്കരിച്ച ഈ പദ്ധതിയ്ക്ക് കുടുംബശ്രീ മിഷന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. നിലവിൽ 49 ഗുണഭോക്താക്കൾ ഉണ്ട്. പദ്ധതിയുടെ ധനകാര്യ വിശകലനം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അടങ്കൽ ₹ | നാളിതുവരെ ലഭിച്ച തുക ₹ | ചെലവഴിച്ച തുക ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|
| വികസന ഫണ്ട് | 7551000 | 693000 | 585569 | 107431 |
| ചലഞ്ച് ഫണ്ട് | 2332578 | 1889079 | 1207105 | 681974 |
| മറ്റ് ഫണ്ട് | 4400000 | 187694 | 0 | 187694 |
| ആകെ | 14283578 | 2769773 | 1792674 | 977099 |

പദ്ധതിയ്ക്ക് വകയിരുത്തിയ തുകയുടെ 12.55% മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളത്. പ്രധാനമായും ഭക്ഷണ വിതരണം മാത്രമാണ് നടന്നിട്ടുള്ളത്. ഭക്ഷണ വിതരണത്തിന് നാളിതുവരെ ₹17,92,674/- ആകെ ചെലവഴിച്ചിട്ടുണ്ട്.

കുടുംബശ്രീ ജില്ലാ മിഷനിൽ നിന്ന് ചലഞ്ച് ഫണ്ട് ഒരു ഗഡു മാത്രമാണ് നാളിതുവരെ ലഭിച്ചിട്ടുള്ളത്. 2021-22 സാമ്പത്തിക വർഷം വികസന ഫണ്ടിൽ നിന്ന് ₹1,00,000/- പദ്ധതിയ്ക്കായി വകയിരുത്തിയിരുന്നുവെങ്കിലും വീട്, കുടിവെള്ളം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾക്ക് വികസന ഫണ്ട് ചെലവഴിച്ചിട്ടില്ല അർഹതപ്പെട്ട ചലഞ്ച് ഫണ്ട് യഥാസമയം ലഭ്യമാക്കുന്നതിനും പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. പ്രസ്തുത വിഷയം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-23 നിക്ഷേപ പ്രവൃത്തികൾ - പൂർത്തീകരിച്ചില്ല

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദാംശംങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./ തീയതി | മുൻകൂർ നൽകിയ തുക (₹) |
|---|---|---|---|
| കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, തൊടുപുഴ | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 22100911/31.03.2022 | 1300000 |
| കേരള വാട്ടർ അതോറിറ്റി (PH ഡിവിഷൻ) തൊടുപുഴ | വിവിധ അങ്കണവാടികളുടെ കുടിവെള്ള കണക്ഷൻ ലഭ്യമാക്കൽ | 22100612/08.11.2021 | 21000 |
| ജലജീവൻ മിഷൻ പദ്ധതി | | 22100754/28.12.2021 | 700486 |

നിക്ഷേപിച്ച തുകയ്ക്കുള്ള പ്രവൃത്തി നാളിതുവരെ നടത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത പദ്ധതികൾക്കായി ചെലവഴിച്ച ₹20,21,486/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 2021 -2022 വർഷത്തെ ഓഡിറ്റിൽ പരിശോധിച്ച | ഈ ഓഡിറ്റ് റിപ്പോർട്ടിനൊപ്പം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട് |

4-2 സംയുക്ത പ്രോജക്ട്

| സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രോജക്റ്റിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 921122 | പാലിന് സബ്സിഡി (വനിത) | 921122 | 0 |
| | | - | നെൽകൃഷിക്ക് കൂലി ചെലവ് | 222700 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 68800 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, ബത്ത നല്കൽ | 68800 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 400000 | ലൈഫ് ഭവന പദ്ധതി വീട് ലഭ്യമാക്കൽ (ജനറൽ) | 400000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 120000 | ലൈഫ് ഭവന പദ്ധതി വീട് ലഭ്യമാക്കൽ (പട്ടികജാതി) | 120000 | 0 |
| | | 0 | നെൽകൃഷിക്ക് കൂലി ചെലവ് | 88000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 152250 | 24/20-21 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, ബത്ത നല്കൽ | 152250 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./ തീയതി | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, തൊടുപുഴ | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 22100911/ തീ.31.03.22 | 1300000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ തിട്ടപ്പെടുത്തിയിട്ടില്ല | വ്യക്തമല്ല |
| കേരളവാട്ടർ അതോറിറ്റി (PH ഡിവിഷൻ) തൊടുപുഴ | വിവിധ അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ ലഭ്യമാക്കൽ | 22100612/ തീ.08.11.21 | 21000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ തിട്ടപ്പെടുത്തിയിട്ടില്ല | വ്യക്തമല്ല |
| ജല ജീവൻ മിഷൻ പദ്ധതി | | 22100709/ തീ.24.12.22 | 700486 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ തിട്ടപ്പെടുത്തിയിട്ടില്ല | വ്യക്തമല്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

– ഇല്ല –

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പ ഇനത്തിൽ വരവ് ഇല്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ.(എം. എസ്.) നം.68/2018/ എൽ.എസ്.ജി.ഡി തീയതി. 18.05.2018 | 5278975 | 4545642 | 586667 | 0 | 3958975 |

4-6 സ്ഥിര നിക്ഷേപങ്ങൾ

- ഇല്ല -

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹18,836/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|
| 2005-06 | 3(9)1, 2 | 8018 | ശ്രീ. റോയി ഐസക് അസി. എഞ്ചിനീയർ | 1210101817/29.12.2021 |
| 2019-20 | 1-15 | 10818 | ശ്രീ. ഡൊമിനിക് മാത്യു, അസി. എഞ്ചിനീയർ | 1210101908/06.01.2022 |
| | ആകെ | 18836 | | |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഓഡിറ്റ് വർഷം/ ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | സമാഹൃത റിപ്പോർട്ട് ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1 | 2006-07 2.6 | 2009-10 | 2.6 | പഞ്ചായത്ത് വക കടമുറികളുടെ വാടക - സ്റ്റാമ്പ് ഡ്യൂട്ടി നഷ്ടം ₹1,026/- | തുടരുന്നു |
| 2 | 2007-08 3.7 | 2010-11 | 2.14 | നിക്ഷേപ പ്രവർത്തികൾ പൂർത്തീകരിച്ചില്ല പി.ഡബ്ല്യു.ഡി- ₹75,000/- | തുടരുന്നു |
| 3 | പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | 2012-13 | 3.3 | ആരോഗ്യമേഖല | തുടരുന്നു |
| 4 | വിഷയാധിഷ്ഠിത അവലോകനം | 2014-15 | അനുബന്ധം-4 | കർഷക തൊഴിലാളി പെൻഷൻ | തുടരുന്നു |

4-9 ചാർജ്/സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം കാണിക്കുന്ന പത്രിക

എ) ചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം കാണിക്കുന്ന പത്രിക

– ഇല്ല –

ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർ ചാർജ് സർട്ടിഫിക്കറ്റ് | | ചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെട്ട | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക ₹ (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക/ ബാദ്ധ്യത ₹ | റിമാർക്ക് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | നമ്പരും തീയതിയും | തുക ₹ | | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |

| | | | | | | | ത്തിയി ട്ടുണ്ടോ? | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) | (15) |
| 1 | പുറപ്പുഴ ഗ്രാമ പഞ്ചായത്ത് | 2005-06 | 3-9(1) Part | ജിജി തോമസ്, അസി. എഞ്ചിനീയർ | LF21176/ Spel. Cell/ C.Sc./ C1/09 Dt. 10.01.13 | 2819 | ഇല്ല | ഇല്ല | - | - | - | - | 2819 | - |
| 2 | | 2005-06 | 3-9(2) Part | ജിജി തോമസ്, അസി. എഞ്ചിനീയർ | LF 21176/ Spel. Cell/ C.Sc./ C1/09 Dt. 10.01.13 | 5199 | ഇല്ല | ഇല്ല | - | - | - | - | 5199 | - |
| 3 | | 2005-06 | 3-9 പാർട്ട് 3 | ജിജി തോമസ്, അസി. എഞ്ചിനീയർ | LF 21176/ Spel. Cell/ C.Sc./ C1/09 Dt. 10.01.13 | 2078 | ഇല്ല | ഇല്ല | - | - | - | - | 2078 | - |
| 4 | | 2005-06 | 3-9 പാർട്ട് 4 | ജിജി തോമസ്, അസി. എഞ്ചിനീയർ | LF 21176/ Spel. Cell/ C.Sc./ C1/09 Dt. 10.01.13 | 526 | ഇല്ല | ഇല്ല | - | - | - | - | 526 | - |
| 5 | | 2005-06 | 3-9(3) | ജിജി തോമസ്, അസി. എഞ്ചിനീയർ | LF 21176/ Spel. Cell/ C.Sc./ C1/09 Dt. 10.01.13 | 2078 | - | ഇല്ല | - | - | - | - | 2078 | - |
| 6 | | 2005-06 | 3-9(4) | ജിജി തോമസ്, അസി. എഞ്ചിനീയർ | LF 21176/ Spel. Cell/ C.Sc./ C1/09 Dt. 10.01.13 | 526 | - | ഇല്ല | - | - | - | - | 526 | - |
| 7 | | 2005-06 | 3-9(1) Part | റോയ് ഐസക്, അസി. എഞ്ചിനീയർ | LF 21176/ Spel. Cell/ C.Sc./ C1/09 Dt. 24.08.13 | 2819 | - | ഇല്ല | ₹2919/- 1210101817 തീ.29.12.21 | - | - | - | ഇല്ല | - |
| 8 | | 2005-06 | 3-9(2) Part | റോയ് ഐസക്, അസി. എഞ്ചിനീയർ | LF 21176/ Spel. Cell/ C.Sc./ C1/09 Dt. 24.08.13 | 5199 | - | ഇല്ല | ₹5199/- 1210101817 തീ.29.12.21 | - | - | - | ഇല്ല | |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹6076546.69 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹38343186.00 |
| ആകെ | ₹44419732.69 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹40012439.00 |
| നീക്കിയിരിപ്പ് | ₹4407293.69 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹3425995.00 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | - ഇല്ല - | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 10000 | ശ്രീമതി. എ. ആർ. ഉഷ, സെക്രട്ടറി |
| 1-16(1) | 463800 | ഡോ. ജെയ്സൺ ജോർജ്ജ്, വെറ്ററിനറി സർജൻ |
| 1-16(2) | 799999 | ഡോ. ജെയ്സൺ ജോർജ്ജ്, വെറ്ററിനറി സർജൻ |
| 1-18 | 65400 | ശ്രീമതി. കെ. കെ. ഉഷ, ഹെഡ്മിസ്ട്രസ് |
| 1-19 | 65310 | ശ്രീ. റിനു തോമസ്, ക്ഷീര വികസന ഓഫീസർ |
| 1-23 | 2021486 | ശ്രീമതി. എ. ആർ. ഉഷ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല -

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. കെ. കെ. ഉഷ<br>ഹെഡ്മിസ്ട്രസ് | - ലഭ്യമല്ല - | കുഴിച്ചാലിൽ<br>തൊടുപുഴ ഈസ്റ്റ് പി.ഒ.<br>ഇടുക്കി ജില്ല<br>പിൻ-685585 |
| ഡോ. ജെയ്സൺ ജോർജ്ജ്<br>വെറ്ററിനറി സർജൻ | ജില്ലാ വെറ്ററിനറി ആശുപത്രി<br>തൊടുപുഴ | കാക്കനാട്ട്<br>നാഗപ്പുഴ പി. ഒ.<br>ഇടുക്കി ജില്ല |
| ശ്രീമതി. എ. ആർ. ഉഷ<br>സെക്രട്ടറി | സെക്രട്ടറി<br>പുറപ്പുഴ ഗ്രാമപഞ്ചായത്ത് | പുത്തൻപുരയിൽ<br>മൂലമറ്റം പി. ഒ.<br>ഇടുക്കി ജില്ല |
| ശ്രീ. റിനു തോമസ്<br>ക്ഷീര വികസന ഓഫീസർ | ക്ഷീര വികസന ഓഫീസർ | കേളാകൊമ്പിൽ വീട്<br>മാറിക പി. ഒ.<br>ഇടുക്കി ജില്ല |

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്ക്സ് (എണ്ണം) | ഖണ്ഡിക |
|---|---|---|---|
| 2005-06 | കെ.എസ്.എ.ഐ.ഡി.കെ7/691/2018 തീ. 10.05.2018 | 1 | 3-9 |
| 2006-07 | എൽ.എഫ്.ഐ.10/30/13 തീ. 07.02.2013 | 1 | 2-6 |
| 2007-08 | എൽ.എഫ്.ഐ.10/1195/ 11/ തീ. 07.01.2012 | 1 | 3-7 |
| 2018-19 | നം.കെ.എസ്.എ-ഐ.ഡി.കെ-7/345/20 തീ. 17.06.2020 | 1 | 1-15 |
| 2019-20 | നം.കെ.എസ്.എ-ഐ.ഡി.കെ-9/595/20 തീ. 31.03.2021 | 11 | 1-9 മുതൽ 19 വരെ |
| 2020-21 | നം.കെ.എസ്.എ-ഐ.ഡി.കെ-9/1014/22 തീ. 23.07.2022 | 16 | 1-9 മുതൽ 1-26 വരെ |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ പുറപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ പുറപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്